# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3015.

21-08-2017 ൽ മറുപടിയ്ക്ക്

## നെല്ലിന്റെ സംഭരണ വില

**ചോദ്യം**
ശ്രീ.മഞ്ഞളാംകുഴി അലി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംഭരിക്കുന്ന നെല്ലിന് കർഷകർക്ക് എത്ര ദിവസത്തിനുള്ളിൽ വില നൽകുമെന്നാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്; ഇത്തരത്തിൽ സംഭരിച്ച നെല്ലിന് യഥാസമയം വില നൽകാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | 13-07-2017-ലെ സ.ഉ.(കൈ)നം.16/2017/ഭ.പൊ.വി.വ. പ്രകാരം നെല്ല് സംഭരിച്ചതിന്റെ രസീത് ബാങ്കുകളിൽ ഹാജരാക്കുന്ന മുറക്ക് നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടുകളിൽ ലഭ്യമാകുന്നതിനായി സപ്ലൈ-കോയും ബാങ്കുകളും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ സംവിധാനം അനുസരിച്ച് കർഷകർക്ക് സംഭരണ വില അപ്പപ്പോൾ ലഭിക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ വിഹിതമായ മിനിമം താങ്ങു വിലയും സംസ്ഥാന സർക്കാരിന്റെ വിഹിതമായ സംസ്ഥാന പ്രോത്സാഹന ബോണസ്സും ലഭ്യമാക്കുന്ന മുറക്ക് നെല്ലിന്റെ വില കർഷകർക്ക് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ നൽകി വരുന്നു. |
| (ബി) | സംഭരിച്ച നെല്ലിന് ആകെ എത്ര രൂപയാണ് കർഷകർക്ക് നൽകാൻ കുടിശ്ശികയായിട്ടുള്ളത്; മലപ്പുറം ജില്ലയിൽ ആകെ എത്ര രൂപയാണ് കർഷകർക്ക് നൽകാൻ ബാക്കിയുള്ളത്; | (ബി) | നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് 14.83 കോടി രൂപ നൽകുവാനുണ്ട്. ഇതിൽ മലപ്പുറം ജില്ലയിലെ കർഷകർക്ക് 1.61 കോടി രൂപ നൽകുവാൻ ബാക്കിയുണ്ട്. ബാങ്കുമായി എഗ്രിമെന്റ് വയ്ക്കുന്നതിനുണ്ടായ കാലതാമസമാണ് ഇതിന് കാരണം. അടിയന്തിരമായി മുഴുവൻ കുടിശ്ശികയും നൽകി തീർക്കുന്നതാണ്. |
| (സി) | നെല്ലിന്റെ സംഭരണ വില ഉയർത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സംഭരണ വില ഉയർത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്ന-തിന്റെ ഭാഗമായി നെല്ലിന്റെ താങ്ങുവില ഇപ്പോൾ 22.50 രൂപയാണ് നൽകി വന്നിരുന്നത് (കേന്ദ്രസർക്കാർ 14.70 + സംസ്ഥാന സർക്കാർ 7.80 രൂപ). 2017-18 സീസണിൽ കേന്ദ്രസർക്കാർ നെല്ല് കിലോഗ്രാമിന് 14.70 രൂപയിൽ നിന്നും 15.50 രൂപയായി വർദ്ധിപ്പിച്ചതിനെ തുടർന്ന് 2017-18 സീസണിൽ നെല്ലിന് താങ്ങുവില 23.30 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**